## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7664

23.07.2012-ലെ
മറുപടിക്ക്.

**അദ്ധ്യാപക തസ്തികയിൽ അപേക്ഷിക്കാനുള്ള പ്രായപരിധി ഉയർത്തൽ**

| ചോദ്യം<br>ശ്രീ. കെ.കെ. ജയചന്ദ്രൻ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) അദ്ധ്യാപക തസ്തികയിൽ അപേക്ഷിക്കാനുള്ള പ്രായപരിധി 39 വയസ്സിൽ നിന്നും 40 ആക്കി ഉയർത്തി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകാമോ;<br>(ബി) ഇല്ലെങ്കിൽ കഴിഞ്ഞവർഷം വിരമിക്കൽ ഉണ്ടാവാതിരുന്നതിനാൽ എയ്ഡഡ് മേഖലയിൽ അദ്ധ്യാപക തസ്തികയിൽ നിയമനം ലഭിക്കാൻ കാത്തിരുന്നവരും 39 വയസ് പൂർത്തിയായതുമായ ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിക്കാതിരിക്കുന്ന സാഹചര്യം നിലവിലുണ്ടോ;<br>(സി) അവ പരിഹരിക്കുന്നതിനായി അദ്ധ്യാപക തസ്തികയിൽ പ്രായപരിധി ഒരു വർഷം ഉയർത്തി നൽകുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (എ) യും (ബി) യും (സി) യും<br><br>കെ.ഇ.ആർ. അദ്ധ്യായം XIVA ചട്ടം 1(2) പ്രകാരം എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനത്തിനുള്ള പ്രായപരിധിയും അതിൻമേലുള്ള ഇളവും സർക്കാർ സ്കൂളിലേതുപോലെയാണ്. സർക്കാർ മേഖലകളിൽ നിയമനത്തിനുള്ള പ്രായപരിധി ഒരു വർഷം വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ മേൽചട്ട പ്രകാരം ഇത് എയ്ഡഡ് മേഖലയ്ക്കും ബാധകമാണ്. ആയതിനാൽ എയ്ഡഡ് മേഖലയിൽ ഇതു സംബന്ധിച്ച പ്രത്യേക ഉത്തരവിന്റെ ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ